## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2296 — 8/03/2017-ൽ മറുപടിക്ക്

# ബി.എസ്.ഇ.എസ് വൈദ്യുതി ബോർഡ് ഏറ്റെടുക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കടുത്ത വരൾച്ചയുടെ സാഹചര്യത്തിൽ ആഭ്യന്തര വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വരൾച്ചയുടെ സാഹചര്യത്തിൽ ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയിൽ വന്ന കുറവ് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഉദ്യോഗമണ്ഡലിൽ പ്രവർത്തിക്കുന്ന ബി.എസ്.ഇ.എസ്. എന്ന താപ വൈദ്യുതി നിലയവുമായുള്ള വാങ്ങൽ കരാർ പുതുക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. ബി.എസ്.സി.എസ്. എന്ന താപവൈദ്യുത നിലയവുമായി 03.05.1999-ൽ ഒപ്പ വച്ച വൈദ്യുതി വാങ്ങൽ കരാർ 31.10.2015-ൽ അവസാനിച്ചു. ടി നിലയത്തിൽ ഉപയോഗിച്ചിരുന്ന ഇന്ധനമായ നാഫ്തയുടെ വില വളരെ കൂടുതൽ ആയതുകൊണ്ട് അടിയന്തിര ഘട്ടത്തിൽ മാത്രമേ ടി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കിയിട്ടില്ല.<br>ബി.എസ്.സി.എസുമായുള്ള വൈദ്യുതി വാങ്ങൽ സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 26.10.2016-ലെ ഉത്തരവ് അനുസരിച്ചും, ഇപ്പോൾ വൈദ്യുത മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യങ്ങളും, ഫിക്സഡ് ചാർജ്ജ് നൽകേണ്ടതു വഴിയുള്ള സാമ്പത്തിക ബാധ്യതയും കണക്കിലെടുത്തുമാണ് |

| | | | |
|---|---|---|---|
| | | | ബി.എസ്.ഇ.എസ്. പവർ ലിമിറ്റഡിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ പുതുക്കേണ്ടതില്ല എന്ന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചത്. |
| (സി) | ബി.എസ്.ഇ.എസ്. എന്ന താപ വൈദ്യുതി നിലയം വൈദ്യുതി ബോർഡുമായുള്ള കരാർ പുതുക്കുന്നില്ലെങ്കിൽ പ്രസ്തുത താപനിലയം വൈദ്യുതി ബോർഡ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | ഈ നിലയത്തിനെ കെ.എസ്.ഇ.ബി. എൽ.-ന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നത് വേണ്ടത്ര പഠനം നടത്തി കണ്ടെത്തിയാൽ മാത്രമേ ടി നിലയം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. |
| (ഡി) | കരാർ നിലവിലില്ലാത്തതുമൂലം ഉല്പാദനം നിർത്തി വച്ച്, ശേഖരിച്ച നാഫ്ത കമ്പനിക്കകത്ത് സൂക്ഷിച്ചിരിക്കുന്നതുമൂലമുള്ള അപകട സാദ്ധ്യത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ബി.എസ്.സി.എസിൽ സൂക്ഷിച്ചിരിക്കുന്ന നാഫ്ത മൂലം അപകട സാധ്യതയുണ്ട് എന്നാരോപിച്ച് ആയത് നീക്കം ചെയ്തു കിട്ടാൻ ടി നിലയത്തിലെ വിവിധ വർക്കേഴ്സ് യൂണിയനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഇ) | അപകട സാദ്ധ്യത ഒഴിവാക്കി ജനങ്ങൾക്ക് സംരക്ഷണം ഒരുക്കുന്നതിനും വൈദ്യുതി ലഭ്യത നിലനിർത്തുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ കെ.എസ്.ഇ.ബി.ലിമിറ്റഡും ബി.എസ്.സി.എസുമായി ഉണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബി.എസ്.സി.എസിൽ സൂക്ഷിച്ചിട്ടുള്ള നാഫ്ത നീക്കം ചെയ്യേണ്ടതും അപകട സാധ്യത ഉണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതും ബി.എസ്.സി. എസിന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഈ വിഷയത്തിൽ യാതൊരു വിധ ബാധ്യതയും ഇല്ല. |

സെക്ഷൻ ഓഫീസർ